**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **19-09-2025 - ൽ മറുപടിയ്ക്ക്**

**കടൽ തീരങ്ങളിലെ സർവേ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടൽ തീരങ്ങളിലെ സർവേ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് കടപ്പുറം, പുന്നയൂർ, പുന്നയൂർക്കുളം പഞ്ചായത്തുകളിലെ കടൽ പുറമ്പോക്ക്, അൺ സർവ്വേ ലാന്റ് എന്നിവയിൽ താമസിച്ച് വരുന്ന അറുന്നൂറോളം മത്സ്യതൊഴിലാളികൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 2024 ഒക്ടോബർ മാസത്തിൽ കൂടിയ നിയമസഭാ സമ്മേളനത്തിൽ എം.എൽ.എ. ശ്രീ. എൻ. കെ. അക്ബർ അവർകൾ ആവശ്യപ്പെടുകയുണ്ടായി. ടി വിഷയത്തിൽ ചാവക്കാട് താലൂക്ക് പരിധിയിൽ വരുന്ന കടപ്പുറം, മണത്തല, പുന്നയൂർ. പുന്നയൂർക്കുളം വില്ലേജുകളിലെ അൺസർവ്വേഡ് കടൽ പുറമ്പോക്ക് 1961 ലെ സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ട് സെക്ഷൻ 3, 4 പ്രകാരം സർവ്വേ ചെയ്യുന്നതിനായി കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മിഷണർ, ജില്ലാ കളക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പ്രദേശത്ത് കടൽ പുറമ്പോക്കിൽ താമസിച്ച് വരുന്നവർക്ക പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതിനായി ടി വില്ലേജുകളിലെ High Tied Line നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ചീഫ് ഹൈഡ്രോഗ്രാഫർക്ക് G.O.(P) No. 16/2024/F&P ഉത്തരവ് പ്രകാരമുള്ള 1,96,470/- രൂപയും ജി. എസ്. ടി. 35,364.60/- രൂപയും ഒടുക്കി ആയതിന്റെ രശീത് ഹാജരാക്കണമെന്ന് 12/03/2025 തീയതിയിൽ ഹൈഡ്രോഗ്രാഫർ ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിലെ അൺസർവ്വെയ്ഡ് കടൽക്കര പുറമ്പോക്ക് സർവ്വെ ചെയ്യുന്നതിനായി High Tied Line നിശ്ചയിച്ച് നൽകുന്നതിന് G.O.(P) No. 16/2024/F&P ഉത്തരവ് പ്രകാരമുള്ള 1,96,470/- രൂപയും ജി.എസ്.ടി. 35,365/- രൂപയും ഉൾപ്പെടെ 2,31,835/- രൂപ 5475-00-800-77-01 (പിവി) എന്ന ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷത്തിൽ പട്ടയ മിഷൻ പ്രവർത്തനങ്ങൾക്കായി ഘടകം (5) ൽ വകയിരുത്തിയ 300 ലക്ഷം രൂപയിൽ നിന്നും തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിച്ച് ലാൻഡ് റവന്യൂ കമ്മിഷണർ ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | മേൽ പ്രകാരമുള്ള ഭൂമിയുടെ പട്ടയം അനുവദിക്കുന്നതിലേയ്ക്ക് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ഹൈഡ്രോളജിക്കൽ സർവേ നടത്തി ഹൈ ടൈഡ് ലൈൻ നിജപ്പെടുത്തണം .അതോടൊപ്പം കടൽപുറമ്പോക്ക് ഭൂമി കേരളാ സർവേ അതിരടയാള നിയമത്തിന്റെ വകുപ്പ് 3, 4 എന്നിവ പ്രകാരമുള്ള വിജ്ഞാപനങ്ങൾ സർക്കാർ പുറപ്പെടുവിച്ചശേഷം ഭൂ പതിവ് നിയമത്തിൽ പറഞ്ഞിട്ടുള്ള ദൂര പരിധിക്ക് പുറത്തുള്ള കൈവശക്കാരിൽ നിന്നും പട്ടയത്തിനുള്ള അപേക്ഷ വാങ്ങി ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽപ്രദേശങ്ങളിലെ ഭൂമി 1995 ലെ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും പട്ടയം അനുവദിക്കാവുന്നതാണ്. |
| (സി) | മേൽ പ്രകാരമുള്ള ഭൂമിയിൽ പൊതു ആവശ്യത്തിനായി സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ചാവക്കാട് നഗരസഭയുടെ രണ്ട് അപേക്ഷയും DTPCയുടെ ഒരു അപേക്ഷയും ചേർത്ത് മൊത്തം 3 അപേക്ഷകളാണ് പൊതു ആവശ്യങ്ങൾക്കുമായി കടൽപ്പുറമ്പോക്ക് ഭൂമി കൈമാറി നൽകണമെന്ന് ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ